File No.EXC/2156/2018-XA2

കേരള എക്സൈസ് വകുപ്പ്.

'മാതൃഭാഷ-മലയാളം'

നം. ഇ.എക്സ്.സി./2156/2018/എക്സ്.എ.2

## സർക്കുലർ

വിഷയം: അബ്കാരി-എക്സൈസ് വകുപ്പ് – അന്തർജില്ല കള്ളുകടത്ത് പെർമിറ്റ് ഓൺലൈനായി അനുവദിക്കുന്നത് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് -സംബന്ധിച്ച്.

പരാമർശ 12/03/2018 തീയതിയിലെ പ്രതിമാസ അവലോകന യോഗത്തിലെ നിർദ്ദ ം: േശം.

2019-2020 സാമ്പത്തിക വർഷം മുതൽ അന്തർജില്ലാ കള്ളുകടത്ത് പെർമിറ്റുകൾ ഓൺലൈനായി അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. സർവീസ് പ്ലസ് മുഖാന്തിരംഓൺലൈനായി അന്തർജില്ലാ കള്ളുകടത്ത് പെർമിറ്റിന് അപേക്ഷ സമർപ്പിക്കുന്നതിനായും, പെർമിറ്റ് അനുവദിക്കുന്നതിനായും ഉള്ള നടപടി ക്രമങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1. <u>അപേക്ഷയും അനുബന്ധ രേഖകളും</u> : അന്തർ ജില്ലാ കള്ള് കടത്ത് പെർമിറ്റിന് കള്ള് ഷാപ്പ് ലൈസൻസികൾ മാന്വൽ ആയി സമർപ്പിച്ചിരുന്ന എല്ലാ വിവരങ്ങളും അനുബന്ധ രേഖകളും ഓൺലൈൻ അപേക്ഷകയോടൊപ്പവും സമർപ്പിക്കേണ്ടതാണ്.
2. <u>ബന്ധപ്പെട്ട എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ</u>

**Initial Verification and Recommendation by CI(X) where Toddy is insufficient**

a. അപേക്ഷയും അനുബന്ധ രേഖകളും അസൽ രേഖകളുമായി ഒത്തുനോക്കി ആയവയുടെ നിജസ്ഥിതിയും ബന്ധപ്പെട്ട കള്ള്ഷാപ്പ് / ഗ്രൂപ്പ് ലൈസൻസി തന്നെയാണ് അപേക്ഷകൻ എന്നും അപേക്ഷ പ്രകാരമുള്ള ഷാപ്പുകളുടെ പരിധിയിൽ ടി ഷാപ്പുകളിലേക്കാവശ്യമായ അളവിൽ കള്ള് ലഭ്യമല്ല എന്നും പ്രസ്തുത പെർമിറ്റിന് അപേക്ഷകന് അർഹത ഉണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

b. **Forward >> Verification by Deputy Excise Commissioner (Concerned)** : കടത്തിക്കൊണ്ട് വരുവാനായി അപേക്ഷിച്ചിരിക്കുന്ന അളവിൽ കള്ള് ടി ഷാപ്പുകളിലേക്ക് ആവശ്യമില്ലെങ്കിൽ ആയതും, പെർമിറ്റ് കാലാവധി, കള്ള് കടത്തിക്കൊണ്ട് വരുന്ന റൂട്ട്, സമയം

മുതലായവയും ആവശ്യമായ പക്ഷം തിരുത്തുന്നതിന് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് സൌകര്യം ഉള്ളതാണ്. ആയതിന് ശേഷം വ്യക്തമായ ശുപാർശ സഹിതം അപേക്ഷ അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്ക് സമർപ്പിക്കേണ്ടതാണ്.

c. **Forward >> Return to Applicant by CI where toddy is insufficient** : അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ഏതെങ്കിലും രേഖകളിലോ, മേൽ (b ) പ്രകാരമുള്ള എന്തെങ്കിലും വിവരങ്ങളിലോ തെറ്റ്/അവ്യക്തത ഉണ്ടെങ്കിൽ ടി അപേക്ഷ അപേക്ഷകന് തിരികേ നൽകി പുതിയ രേഖകൾ/വിശദീകരണം ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ചെയ്യുമ്പോൾ ബന്ധപ്പെട്ട രേഖ Reject ചെയ്യും അപേക്ഷകനുള്ള നിർദ്ദേശം പ്രത്യേകം തയ്യാറാക്കി PDF ഫോർമാറ്റിൽ Attach ചെയ്യും നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

d. **Reject** : അപേക്ഷയിലെ മറ്റ് വിവരങ്ങളിൽ (തിരുത്താൻ കഴിയാത്ത വിവരങ്ങൾ) തെറ്റുള്ള പക്ഷം, വ്യക്തമായ കാരണം PDF ഫോർമാറ്റിൽ Attach ചെയ്ത് പ്രസ്തുത അപേക്ഷ Reject ചെയ്യേണ്ടതും പുതിയ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകേണ്ടതുമാണ്. അപേക്ഷകന് അന്തർ ജില്ലാ കള്ള് കടത്ത് പെർമിറ്റിന് അർഹതയില്ലാത്ത അവസരങ്ങളിലും അപേക്ഷ Reject ചെയ്യേണ്ടതാണ്.

e. ആവശ്യമായ വിവരങ്ങളും രേഖകളും യഥാവിധി പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ അപേക്ഷകൾ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് സമർപ്പിക്കുവാൻ പാടുള്ളൂ. അനാവശ്യമായ കാലതാമസവും നടപടിക്രമങ്ങളും ഒഴിവാക്കുന്നതിന് ആവശ്യമായ എല്ലാ പരിശോധനകളും തിരുത്തലുകളും എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തലത്തിൽ തന്നെ പൂർത്തിയാക്കേണ്ടതാണ്.

1. <u>ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ</u>

**Verification by Deputy Excise Commissioner Concerned**

a. **Forward >> Verification by Deputy Excise Commissioner where Toddy is Tapped** : അപേക്ഷയും ബന്ധപ്പെട്ട എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ശുപാർശയും പരിശോധിച്ച് ബോദ്ധ്യപ്പെട്ട ശേഷം അപേക്ഷ തുടർനടപടികൾക്കായി ശുപാർശ സഹിതം കള്ള് ചെത്ത് തോട്ടം സ്ഥിതിചെയ്യുന്ന ഡിവിഷനിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് അയച്ച് നൽകേണ്ടതാണ് ( പാലക്കാട് ഡിവിഷൻ ).

b. **Forward >> Return to applicant by concerned DEC** : അപേക്ഷയിൽ എന്തെങ്കിലും വ്യക്തത വരുത്തേണ്ടതുണ്ടെങ്കിൽ ടി അപേക്ഷ അപേക്ഷകന് തിരികേ നൽകി രേഖകൾ/ വിശദീകരണം

തിരുത്തുന്നതിനുള്ള സൌകര്യം ലഭ്യമാണ്.

c. **Forward >> Return to Applicant by CI where Toddy is Tapped >> Clarification** : അപേക്ഷയിൽ എന്തെങ്കിലും വ്യക്തത വരുത്തേണ്ടതുണ്ടെങ്കിൽ ടി അപേക്ഷ അപേക്ഷകന് തിരികേ നൽകി രേഖകൾ/ വിശദീകരണം ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ചെയ്യുമ്പോൾ അപേക്ഷകനുള്ള നിർദ്ദേശം പ്രത്യേകം തയ്യാറാക്കി PDF ഫോർമാറ്റിൽ Attach ചെയ്തും നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

B. **Payment Done >> Yes**

**Forward >> Verification by Seat - DEC where Toddy is Tapped** : വൃക്ഷക്കരം/ഫീസ് അടച്ചതിന് ശേഷം സമർപ്പിക്കുന്ന അപേക്ഷ, ആയതിന്റെ വിവരങ്ങൾ പരിശോധിച്ച് ചെലാൻ Deface ചെയ്തതിന് ശേഷം തുടർനടപടികൾക്കായി ശുപാർശ സഹിതം ഡിവിഷൻ ഓഫീസിലെ ബന്ധപ്പെട്ട സീറ്റിലേക്ക് സമർപ്പിക്കേണ്ടതാണ്.

6. <u>തോട്ടം സ്ഥിതി ചെയ്യുന്ന ജില്ലാ ഡിവിഷൻ ഓഫീസിലെ സീറ്റ്</u>

**Verification by Seat DEC where Toddy is Tapped**

**Forward** : അപേക്ഷയും എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ ശുപാർശയും പരിശോധിച്ച് ബോദ്ധ്യപ്പെട്ട ശേഷം തുടർനടപടികൾക്കായി മാനേജർക്ക് അയച്ച് നൽകേണ്ടതാണ്.

7. <u>തോട്ടം സ്ഥിതി ചെയ്യുന്ന ജില്ലാ ഡിവിഷൻ ഓഫീസിലെ മാനേജർ</u>

**Verification by Manager DEC where Toddy is Tapped**

**Forward** : അപേക്ഷയും സീറ്റിലെ ശുപാർശയും പരിശോധിച്ച് ബോദ്ധ്യപ്പെട്ട ശേഷം തുടർനടപടികൾക്കായി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് അയച്ച് നൽകേണ്ടതാണ്.

8. <u>തോട്ടം സ്ഥിതി ചെയ്യുന്ന ഡിവിഷനിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ</u>

**Issue of Permit by DEC where Toddy is Tapped**

**Forward** : അപേക്ഷയും ശുപാർശകളും പരിശോധിച്ച് ബോദ്ധ്യപ്പെട്ട ശേഷം അപേക്ഷകന് കള്ള് ചെത്തി കടത്തിക്കൊണ്ടു പോകുന്നതിനുള്ള അനുമതി ഉത്തരവും പെർമിറ്റും അനുവദിച്ച് നൽകാവുന്നതാണ്. ഇപ്രകാരം Digital Signature രേഖപ്പെടുത്തി Generate ചെയ്യുന്ന പെർമിറ്റ് സുരക്ഷാ കാരണങ്ങളാൽ എക്സൈസ് ഡിവിഷൻ ഓഫീസിൽ നിന്നും ഓഫീസ് സീൽ പതിച്ച് അപേക്ഷകന് നേരിട്ട് നൽകേണ്ടതാണ്.

*NB* : പുതിയതായി ആരംഭിക്കുന്ന ഓൺലൈൻ സേവനമാകയാൽ തുടക്കത്തിലുള്ള അസൌകര്യങ്ങൾ ഒഴിവാക്കുന്നതിന് 2019-20 ലെ ആദ്യ അർദ്ധ വർഷത്തേക്കുള്ള അപേക്ഷകളോടൊപ്പം Verification-ന് സമർപ്പിക്കപ്പെടുന്ന Physical രേഖകൾ ബന്ധപ്പെട്ട എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ചെത്ത് തോട്ടം സ്ഥിതി ചെയ്യുന്ന സർക്കിളിലെ (ചിറ്റൂർ സർക്കിൾ ) എക്സൈസ്

ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ചെയ്യുമ്പോൾ അപേക്ഷകനുള്ള നിർദ്ദേശം പ്രത്യേകം തയ്യാറാക്കി PDF ഫോർ മാറ്റിൽ Attach ചെയ്ത് നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. **തോട്ടം സ്ഥിതി ചെയ്യുന്ന ഡിവിഷനിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ**

**Verification by Deputy Excise Commissioner where Toddy is Tapped**

a. **Forward >> Verification and Recommendation by CI where Toddy is Tapped** : അപേക്ഷയും ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ ശുപാർശയും പരിശോധിച്ച് ബോദ്ധ്യപ്പെട്ട ശേഷം അപേക്ഷ ചെത്ത് തോട്ടം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി കള്ള് ചെത്ത് തോട്ടം സ്ഥിതിചെയ്യുന്ന സ്ഥലത്തെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് അയച്ച് നൽകേണ്ടതാണ് (ചിറ്റൂർ സർക്കിൾ ).

b. **Forward >> Return to applicant by DEC where toddy is tapped** : അപേക്ഷയിൽ എന്തെങ്കിലും വ്യക്തത വരുത്തേണ്ടതുണ്ടെങ്കിൽ ടി അപേക്ഷ അപേക്ഷകന് തിരികേ നൽകി രേഖകൾ/ വിശദീകരണം ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ചെയ്യുമ്പോൾ അപേക്ഷകനുള്ള നിർദ്ദേശം പ്രത്യേകം തയ്യാറാക്കി PDF ഫോർ മാറ്റിൽ A t t a c h ചെയ്തും നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. **തോട്ടം സ്ഥിതി ചെയ്യുന്ന സർക്കിളിലെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ**

**Verification and Recommendation by CI where Toddy is Tapped**

A. **Payment Done >> No**

a. അന്തർജില്ല കള്ള് കടത്ത് പെർമിറ്റിനുള്ള അപേക്ഷകളിൽ മുൻകാലങ്ങളിൽ ചെയ്തിരുന്ന രീതിയിൽ തന്നെ ചെത്ത് തോട്ടങ്ങളുടെ പരിശോധനയും മറ്റ് നടപടി ക്രമങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ടി പരിശോധനകൾ പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

b. **Forward >> Return to Applicant by CI where Toddy is Tapped >> Payment** : അപേക്ഷ പ്രകാരമുള്ള ചെത്ത് തോട്ടവും വൃക്ഷങ്ങളും മറ്റ് വിവരങ്ങളും പരിശോധിച്ച് ബോദ്ധ്യപ്പെട്ട് ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിന് ശേഷം അപേക്ഷ നിയമാനുസരണമുള്ള വൃക്ഷക്കരം/ഫീസ് അടക്കുന്നതിന് അപേക്ഷകന് തിരികേ അയക്കേണ്ടതാണ്. ആയതിന് മുമ്പായി ചെത്ത് വൃക്ഷങ്ങളുടെ എണ്ണം, വാഹന നമ്പർ, കള്ള് കടത്തുന്നതിനുള്ള റൂട്ട്, തുടങ്ങിയ വിവരങ്ങൾ

File No.EXC/2156/2018-XA2

സർക്കിൾ ഇൻസ്പെക്ടർക്ക് പരിശോധനക്കായി നേരിട്ട് അയച്ച് നൽകേണ്ടതാണ്.

Signature valid
RISHI RAJ SINGH

EXCISE COMMISSIONER

Digitally signed by RI... RAJ SINGH
Date: 201. 03.26 ... .38 IST
Reason: ...ove...

ഗ്രാഹകർ: 1. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം/എൻഫോഴ്സ്മെൻറ്)
2. ജോയിൻറ് എക്സൈസ് കമ്മീഷണർ (എല്ലാം)
3. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
4. അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർ (എല്ലാം)
5. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ (എല്ലാം)
6. എക്സൈസ് റെയിഞ്ച് ഇൻസ്പെക്ടർ (എല്ലാം)
7. ഉത്തരവ് ഫയൽ/കരുതൽ ഫയൽ